GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/09/2026

1. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് കന്നുകലി വളർത്തൽ കേന്ദ്രത്തിൽ 15 പശുക്കളെ സെപ്റ്റംബർ 15 ന് പകൽ 11 മണിക്ക് ഫാം പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തിരിച്ചറിയൽ രേഖയുടെ പകർപ്പ് സഹിതം ലേല സമയത്തിനു മുൻപായി ടി പശുവിന് 10000/- രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സർക്കാർ ലേലങ്ങൾക്കുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും കൂടുതൽ വിവരങ്ങൾക്ക് 0471 - 2732962 എന്ന ഫാം ഓഫീസ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

2. **'ഇറച്ചിക്കോഴി വളർത്തൽ'** എന്ന വിഷയത്തിൽ കണ്ണൂർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് സെപ്റ്റംബർ **18, 19** തിയ്യതികളിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0497 2763473 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കാർഷിക സർവകലാശയിലെ പി.ജി., പി.എച്ച്.ഡി. പ്രോഗ്രാമുകളിലെ പ്രവേശനത്തിന് സെപ്റ്റംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. ICAR എൻട്രൻസ് ഫലം വന്ന് 7 ദിവസം വരെ സാവകാശം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് **0487-2438139** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

4. ഒന്നാം വിള ( വിരിപ്പ് ) വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി സപ്ലൈക്കോ കർഷകരിൽ നിന്ന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. 2026 ഡിസംബർ 31 നകം കൊയ്ത്ത് പൂർത്തിയാകുന്ന എല്ലാ കർഷകരും സെപ്റ്റംബർ 30 നകം രജിസ്ട്രേഷൻ പൂർത്തിയാക്കണം. നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ www.supplycopaddy.in എന്ന വെബ് സൈറ്റിലൂടെയോ അപേക്ഷ സമർപ്പിക്കാം. ഓരോ പാട

ശേഖരത്തിനും, നെല്ലിനത്തിനും, ഭൂമി രീതിക്കും വെവ്വേറേ അപേക്ഷകൾ സമർപ്പിക്കണം.

5. തകഴി, അമ്പലപ്പുഴ നോർത്ത്, നെടുമുടി, കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന പാടശേഖരങ്ങളിൽ മുഞ്ഞയുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സാങ്കേതിക ഉപദേശം പ്രകാരമല്ലാതെ കർഷകർ മുഞ്ഞയ്ക്കെതിരെ കീടനാശിനി പ്രയോഗം നടത്താൻ പാടുള്ളതല്ല. അന്വേഷണങ്ങൾക്കായി കർഷകർക്ക് തകഴി കൃഷിഭവന് കീഴിലുള്ളവർ 9633815621, നെടുമുടി കൃഷിഭവന് കീഴിലുള്ളവർ 8547865338 , അമ്പലപ്പുഴ കൃഷിഭവന് കീഴിലുള്ളവർ 94747731783 എന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. സമീപപ്രദേശങ്ങളിൽ മുഞ്ഞയുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ അതാത് കൃഷിഭവനിൽ ഉടനെ അറിയിക്കേണ്ടതാണ്.